(എഫ്) നിലവിലുള്ള ഉത്തരവിന് എന്തെങ്കിലും ഭേദഗതി ഉണ്ടായിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത വിഷയത്തെക്കുറിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളടങ്ങുന്ന പ്രസിദ്ധീകരണത്തിന്റെ ഒരു കോപ്പി മേശപ്പുറത്ത് വെച്ചിട്ടുണ്ട്†.

(സി, ഡി, ഇ, എഫ്) സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനുള്ള ചട്ടങ്ങളും, ജോലി ലഭിക്കുന്നതിനുള്ള കാലതാമസവും വിഷമതകളും ഒഴിവാക്കുന്നതിനു വേണ്ടി ലഘൂകരിച്ചും ഉദാരമാക്കിയും കൊണ്ട് 16.1.1979 ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ജി) മേശപ്പുറത്തു വെച്ച പ്രസിദ്ധീകരണത്തിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പിയും അടങ്ങിയിട്ടുണ്ട്.

പണം ചെലവാക്കുന്നതിനുള്ള നിയന്ത്രണം

622 [901] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദനക്ഷമമല്ലാത്ത പരിപാടികൾക്കും പദ്ധതികൾക്കും വേണ്ടി പണം ചെലവാക്കുന്നതിൽ സ്റ്റേറ്റ് വേണ്ട നിയന്ത്രണം പാലിക്കുന്നില്ല എന്നുള്ള പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാന്റെ അഭിപ്രായം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്റ്റേറ്റിന്റെ അഭിപ്രായം എന്താണ്?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ഇ. ബോർഡിലെ ഇലക്ട്രിക്കൽ വർക്കേഴ്സ് തസ്തിക

623 [902] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ. എസ്. ഇ. ബോർഡിൽ ഇലക്ട്രിക്കൽ വർക്കേഴ്സ് തസ്തികയിൽ ആളുകൾ കുറവായതുമൂലം ബോർഡിലെ പല പണികളും ഇപ്പോൾ നടത്തുവാൻ കാലതാമസം ആകുമെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

---

†: ലൈബ്രറിയിലെ മേശപ്പുറത്തു വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly